## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1847** **04.05.2017-ൽ മറുപടിയ്ക്ക്**

**<u>കാരുണ്യ ബെനവലന്റ് പദ്ധതി</u>**

| ചോദ്യം<br>ശ്രീ.എൻ.എ.നെല്ലിക്കുന്ന് | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കാരുണ്യ ബെനവലന്റ് പദ്ധതി പ്രകാരം ഒരിക്കൽ അനുവദിച്ച തുക ചികിത്സയ്ക്ക് ഉപയോഗിച്ച തീർന്നു കഴിഞ്ഞാൽ, രോഗിയുടെ തുടർ ചികിത്സയ്ക്ക് തുക അനുവദിക്കാറുണ്ടോ; | (എ)<br>&<br>(ബി) | കാരുണ്യ പദ്ധതി പ്രകാരം വൃക്ക രോഗ ചികിത്സയ്ക്ക് പരമാവധി മൂന്ന് ലക്ഷം രൂപ വരെയും, പദ്ധതിയിലുൾപ്പെട്ട മറ്റ് ചികിത്സകൾക്ക് പരമാവധി 2 ലക്ഷം രൂപ വരെയും ഒരു തവണയായോ പല തവണകളായോ ചികിത്സാ സഹായത്തിനു അപേക്ഷിക്കാവുന്നതാണ്. ഹീമോഫീലിയ രോഗചികിത്സയ്ക്ക് പരിധി ഇല്ലാതെ തുക അനുവദിക്കുന്നുണ്ട്. |
| (ബി) | ഇല്ലെങ്കിൽ തുടർചികിത്സ അനിവാര്യമായ രോഗികൾക്ക് വീണ്ടും തുക നൽകുന്നതിനെ കുറിച്ച് ആലോചിക്കുമോ; | | |
| (സി) | റേഷൻ കാർഡ്, ആധാർ കാർഡ്, വോട്ടർ ഐ.ഡി. തുടങ്ങിയ രേഖകൾ ഇല്ലാത്ത ആളുകൾ മാരകമായ രോഗം ബാധിച്ച് ചികിത്സ കാത്തിരിക്കുമ്പോൾ കാരുണ്യ ബെനവലന്റ് സ്കീമിന്റെ ആനുകൂല്യം അവർക്ക് കൂടി ലഭ്യമാക്കുമോ എന്ന് വ്യക്തമാക്കാമോ? | (സി) | ഇപ്പോൾ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ.**